©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 സെപ്റ്റംബർ 17<br>17th September 2019<br>1195 കന്നി 1<br>1st Kanni 1195<br>1941 ഭാദ്രം 26<br>26th Bhadra 1941 | നമ്പർ No. 2170 |

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് —ചരക്ക് സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി— ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ. (കൈ.) നമ്പർ 112/2019/തസ്വഭവ. *തിരുവനന്തപുരം, 2019 ആഗസ്റ്റ് 31.*

---

<u>പരാമർശം</u> :— 1. സ. ഉ. (കൈ.) നമ്പർ 123/2017/തസ്വഭവ. തീയതി 24-6-2017.

2. 2019-ലെ കേരള ധനകാര്യ ബിൽ (ബിൽ നമ്പർ 185 ഇനം 6).

3. സ. ഉ. (കൈ.) നമ്പർ 63/2019/തസ്വഭവ തീയതി 10-6-2019.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഉത്തരവ്

സിനിമാ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ട് ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ സർക്കാർ സൂചന (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചുകൊണ്ടിരുന്ന വിനോദ നികുതി ഒഴിവാക്കുകയുണ്ടായി. എന്നാൽ 2019 ജനുവരി 1 മുതൽ സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി. നിരക്ക് 28%-ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ, മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിനോദനികുതി പുനഃസ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. അതിൻപ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വരെ വിനോദനികുതി ഏർപ്പെടുത്തുന്നതിന് 2019-ലെ കേരള ധനകാര്യ ആക്ടിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് സെക്ഷൻ 3-ൽ ഭേദഗതി വരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഉത്തരവ് തീയതി മുതൽ ഈടാക്കാമെന്ന് വ്യവസ്ഥചെയ്തുകൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

പരാമർശം (3) ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനെതിരെ സിനിമാരംഗത്തെ സംഘടനകൾ മുന്നോട്ടുവന്ന സാഹചര്യത്തിലും ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകൾ പരിഗണിച്ചുകൊണ്ടും സർക്കാർ സിനിമാരംഗത്തെ സംഘടനകളുമായി ചർച്ചകൾ നടത്തിയ അടിസ്ഥാനത്തിലും പ്രേക്ഷകർക്ക് അധികസാമ്പത്തിക ഭാരമുണ്ടാക്കാത്ത തരത്തിൽ വിനോദനികുതി ഏർപ്പെടുത്തുന്നത് സർക്കാർ വിശദമായി പരിശോധിച്ചു.

ഈ സാഹചര്യത്തിൽ 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും 1-9-2019 തീയതി മുതൽ ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമാടിക്കറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവനനികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സബിത, എസ്. ഡി.,
*ഡെപ്യൂട്ടി സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ ആന്റ് ഇ/എൽ.ബി.എ.), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്.
തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. ആന്റ് പി.ആർ.ഡി.-വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.09.17 09:21:53 +05:30